LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി ഡെസിഗ്നേറ്റ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോടതികൾ എല്ലാ ജില്ലയിലുമുണ്ട്. കേസിന്റെ അന്വേഷണത്തിനാവശ്യമായ എല്ലാ സഹകരണവും സർക്കാർ ഉറപ്പുവരുത്തുന്നതാണ്. സാമ്പത്തിക നിക്ഷേപ തട്ടിപ്പിന് വിധേയരായവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

(2) കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 1982-ൽ നോട്ടിഫിക്കേഷൻ വരികയും 1983-ൽ അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതാണ് ഏഴിമല നേവൽ അക്കാദമി. തങ്ങളുടെ സമ്പാദ്യവും ജീവിച്ച മണ്ണും, ഏതാണ്ട് 2800 ഏക്കറോളം ഭൂമിയും രാജ്യത്തിന് സമർപ്പിച്ചിട്ടുള്ളവരാണ് ന്യൂകണക്കിന് വരുന്ന ജനങ്ങൾ. രണ്ട് കാര്യങ്ങളിലാണ് ഇവർക്ക് വ്യക്തത വേണ്ടത്. സബ് കോടതിയിൽ കെട്ടിക്കിടക്കുന്ന നിരവധി ഇ.പി. ഫയലുകളുള്ളതിൽ 20 കൊല്ലം പഴക്കമുള്ള കേസ് വരെ തീർപ്പ് കൽപ്പിക്കാതെയുണ്ടെന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അനാവശ്യ കാലതാമസം സർക്കാരിന് വലിയ ബാദ്ധ്യതയാണ് വരുത്തുന്നത്. 1983 മുതലുള്ള 37 വർഷത്തെ പലിശ ഇപ്പോൾ നൽകേണ്ടി വരുന്നുണ്ട്. പലിശ ആദ്യവർഷം 9 ശതമാനവും തുടർന്ന് 15 ശതമാനം വീതവുമാണ് കണക്കാക്കുന്നത്. ആ കേസ് പൂർണ്ണമായും പൂർത്തീകരിച്ച് പോകുന്നതിനുള്ള നടപടിയുണ്ടാകുന്നില്ല. രണ്ടാമതായി, ഏഴിമല നേവൽ അക്കാദമി ഭൂമി സംബന്ധമായുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് തലശ്ശേരിയിലുള്ള നേവൽ അക്കാദമി ലാൻഡ് അക്വിസിഷൻ തഹസിൽദാരാണ്. 28A അപേക്ഷ വഴിയുള്ള കേസ്സും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാത്ത നിലയിലാണുള്ളത്. അപേക്ഷ പരിഗണിച്ച് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വളരെ ചെറിയ അളവിൽ ഭൂമി കൈവശമുള്ള അപേക്ഷകരാണ് ഇതിൽ മഹാഭൂരിപക്ഷവും. ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞാണ് ഈ ഭൂമിയുടെ കാര്യത്തിൽ തഹസിൽദാറുടെ ഭാഗത്തുനിന്നും തീർപ്പുണ്ടാകാത്തത്. അപേക്ഷ നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടായ പ്രശ്നമൊക്കെ ഉന്നയിച്ച് അപേക്ഷ പരിഗണിക്കാത്ത സ്ഥിതിയുണ്ട്. ഇവർ കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി ഉത്തരവ് വാങ്ങിക്കൊണ്ടുവന്നതിനുശേഷമാണ് നടപടികളിലേക്ക് നീങ്ങുന്നത്. ഇങ്ങനെയുള്ള ന്യൂകണക്കിന് കേസുകൾ ഇപ്പോഴും പെൻഡിംഗിലാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായൊരു പ്രശ്നമാണ്. ഏഴിമല നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ രാമന്തളി വില്ലേജിൽപ്പെട്ട 850 ഹെക്ടറിൽപ്പരം ഭൂമി 1983-84 കാലഘട്ടത്തിൽ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുകയും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സ്ഥലമെടുപ്പ് കാലഘട്ടത്തിൽ ഉചിതമായ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം 18-ാം വകുപ്പ് പ്രകാരം വർദ്ധനവിനുവേണ്ടി Land Acquisition Officer മുഖാന്തരം റഫറൻസ് കോടതി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക്, ഒരേ നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടതും സമാന സ്വഭാവമുള്ള തങ്ങളുടെ വസ്തുക്കളിൽ റഫറൻസ് കോടതി (LAR Court) വർദ്ധനവ് അനുവദിച്ചുനൽകിയ വിധിന്യായം കാണിച്ച് LAO (Land Acquisition Officer) മുൻപാകെ പ്രസ്തുത വർദ്ധനവ് തങ്ങൾക്കും ബാധകമായി കിട്ടുന്നതിന് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 28 A പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം നഷ്ടപരിഹാരം പുനർനിർണ്ണയിക്കുന്നതിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം 28A വകുപ്പ് പ്രകാരം സമർപ്പിച്ച ആയിരക്കണക്കിന് അപേക്ഷകൾ പരിഗണിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ ഓഫീസർ 28 A അപേക്ഷ നിരസിക്കുന്ന കേസുകളിലോ, 28A അവാർഡ് കക്ഷി സ്വീകരിക്കാത്ത സാഹചര്യത്തിലോ, 28A (3) അപേക്ഷ കക്ഷിക്ക് LAO മുഖാന്തരം കോടതിയിൽ സമർപ്പിക്കാവുന്നതാണ്. വകുപ്പ് 28A(3) പ്രകാരം സമർപ്പിച്ച അപേക്ഷകളിന്മേലുണ്ടായ വിവിധ LAR വിധികളിൽ പയ്യന്നൂർ സബ് കോടതി നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഉത്തരവാകുകയും ആയതുപ്രകാരം വിധി തുക LAR കോടതികളിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. ഒരു പ്രയാസമുള്ളത്. ഇപ്പോൾ 28A അവാർഡുമായി ബന്ധപ്പെട്ട് ഏകദേശം ഇരുപതോളം അപേക്ഷകൾ മാത്രമാണ് നടപടികളുടെ വിവിധ ഘട്ടത്തിലുള്ളത്. 28A അവാർഡ് പാസാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ 223 LAR കേസുകൾ പയ്യന്നൂർ സബ് കോടതിയിൽ വിചാരണ ഘട്ടത്തിലാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. എന്തായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായതിനാൽ കൂടുതൽ കാര്യങ്ങളെന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അത് ചർച്ച ചെയ്യാൻ ഈ സഭാ കാലയളവിൽത്തന്നെ പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.